5. ശ്രീ. എസ്. സുദർശനം, വിദ്യാഭ്യാസ ഓഫീസർ, (ടി) കേന്ദ്ര സർക്കാർ, തെക്കൻ മേഖലാഓഫീസ്, മദ്രാസ്—മെമ്പർ.

6. ശ്രീ. എസ്. പി. തുളി, ഡെപ്യൂട്ടി ഫൈനാൻഷ്യൽ അഡൈവസർ, കേന്ദ്ര സർക്കാർ—മെമ്പർ.

7. ശ്രീ. ഐ. ബി. സംഗാ, ഡെപ്യൂട്ടി എഡ്യൂക്കേഷണൽ അഡൈവസർ (ടി) കേന്ദ്ര സർക്കാർ—മെമ്പർ.

8. പ്രൊഫസർ എ. കെ. വസിഷ്ഠാ, ഡയറക്ടർ, ഹാർക്കോർട്ട് ബട്ലർ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്, കാൺപൂർ—മെമ്പർ.

9. ശ്രീ. ടി. എൻ. ജയചന്ദ്രൻ, വൈസ് ചാൻസലർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി—മെമ്പർ.

10. ശ്രീ. എസ്. പീർ മുഹമ്മദ്, സരസ്വതി നിലയം, തിരുവനന്തപുരം—മെമ്പർ.

11. ശ്രീ. എ. എൽ. മുതലിയാർ, അവന്തി, പുനമല്ലി, ഹൈറോഡ്, കീൽപാക്ക്, മദ്രാസ്—മെമ്പർ.

12. ഡോക്ടർ ഡി. പൃഥ്വിരാജ്, പ്രൊഫസർ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, ഐ. ഐ. ടി., മദ്രാസ്—മെമ്പർ.

13. പ്രൊഫസർ ബി. എസ്. സോൺഡേ, ചെയർമാൻ, ഇലക്ട്രിക്കൽ കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ—മെമ്പർ.

14. ഡോ. എസ്. നാഗരാജ്, പ്രൊഫസറും വകുപ്പദ്ധ്യക്ഷനും, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ആർ. ഇ. സി. കോഴിക്കോട്—മെമ്പർ.

15. ശ്രീ. എ. ബാലസുബ്രഹ്മണ്യൻ, അസിസ്റ്റന്റ് പ്രൊഫസർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ആർ. ഇ. സി., കോഴിക്കോട്.

16. ഡോക്ടർ പി. എസ്. ശ്രീനിവാസൻ, ഇൻചാർജ് പ്രിൻസിപ്പാൾ, ആർ. ഇ. സി., കോഴിക്കോട്—എക്സ് ഒഫിഷ്യോ മെമ്പർ സെക്രട്ടറി.

(സി) അഖിലേന്ത്യാടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചാണ് ഗവേണിംഗ് ബോഡി രൂപീകരിച്ചിട്ടുള്ളത്. ഇതിൽ സ്ഥലം എം. പി. യോ, എം. എൽ. എ. യോ ഉൾപ്പെടുന്നില്ല. കോളേജിലെ അദ്ധ്യാപകജീവനക്കാരുടെ പ്രതിനിധികളായി ഡോക്ടർ എസ്. നാഗരാജായും, (പ്രൊഫസറും വകുപ്പദ്ധ്യക്ഷനും, മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്) ശ്രീ. എ. ബാലസുബ്രഹ്മണ്യനും (അസിസ്റ്റന്റ് പ്രൊഫസർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്) ഗവേണിംഗ് ബോഡിയിലുണ്ട്.

## ആർ. ഇ. സി. യിലെ ഗവേണിംഗ് ബോഡി യോഗങ്ങൾ

1860 [2900] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ആർ. ഇ. സി. യിലെ ഗവേണിംഗ് ബോഡി യോഗം എവിടെ വച്ചാണ് നടത്താറുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവേണിംഗ് ബോഡി യോഗം ചേരുന്നതിനുമുമ്പ് അതിന്റെ തീയതി പരസ്യപ്പെടുത്താറുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ യോഗത്തിന്റെ തീയതി നേരത്തെ പത്ര ദ്വാരാ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ആർ. ഇ. സി. യിലെ ഗവേണിംഗ് ബോഡി യോഗം സാധാരണയായി കോളേജ് കാമ്പസിലോ തിരുവനന്തപുരത്തോ വച്ചാണ് നടത്താറുള്ളത്.

(ബി) സാധാരണയായി ഗവേണിംഗ് ബോഡി യോഗം ചേരുന്നതിന് 15 ദിവസം മുമ്പുതന്നെ എല്ലാ മെമ്പർമാരെയും അറിയിക്കാറുണ്ട്.

(സി) യോഗത്തിൽ പങ്കെടുക്കാൻ കഴിയും വിധം എല്ലാ മെമ്പർമാർക്കും റജിസ്ട്രേഡ് കത്തുകൾ അയയ്ക്കുന്നതുകൊണ്ട് യോഗം ചേരുന്ന തീയതി പത്രദ്വാരാ അറിയിക്കേണ്ട ആവശ്യമില്ല.

പാഠപുസ്തകങ്ങൾ അച്ചടിച്ച ഇനത്തിൽ സ്വകാര്യ പ്രസ്സുകൾക്ക് നൽകിയ സംഖ്യ

1861 [2901] ശ്രീ. ആർ. എസ്. ഉണ്ണി:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) 1982-83, 1983-84, 1984-85, 1985-86 എന്നീ സാമ്പത്തിക വർഷങ്ങളിൽ പാഠപുസ്തകങ്ങളുടെ അച്ചടിക്കൂലി ഇനത്തിൽ സ്വകാര്യ പ്രസ്സുകൾക്കു നൽകിയ സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇനി നൽകേണ്ടുന്ന സംഖ്യ എത്രയാണ്?

ഉത്തരം

(എ)

| | |
|---|---|
| 1982-83-ൽ | 38,889.90 രൂപ. |
| 1983-84-ൽ | 11,469.20 രൂപ. |
| 1984-85-ൽ | 10,004.25 രൂപ. |
| 1985-86-ൽ | 75,45,889.55 രൂപ. |

(ബി) 1985-86 വരെ അച്ചടി ഇനത്തിൽ കുടിശ്ശിക ഒന്നും തന്നെ ഇല്ല.

ശമ്പള പരിഷ്കരണത്തിന് ടീച്ചിംഗ് സർവ്വീസ് കണക്കാക്കണമെന്ന നിർദ്ദേശം

1862 [2903] ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly